**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** | **28-01-2026 - ൽ മറുപടിയ്ക്ക്**

**ട്രഷറി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പത്തു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ ട്രഷറിയിൽ മാറുന്നതുമായി ബന്ധപ്പെട്ട് 19/08/2025-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ ട്രഷറി നിയന്ത്രണം നിലവിൽ തുടരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. ഇതിന്റെ ഭാഗമായാണ് സാധാരണ പേയ്മെൻറുകൾക്കുള്ള വെയ്സ് ആൻറ് മീൻസ് പരിധി 10 ലക്ഷമാക്കിയിട്ടുള്ളത്. എന്നാൽ ശമ്പളം, പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ അടക്കമുള്ള പേയ്മെന്റുകൾക്ക് ഈ പരിധി ബാധകമല്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ (SNA SPARSH onboarded) പോലെയുള്ള മുൻഗണന അർഹിക്കുന്ന മറ്റ് സ്കീം / ചെലവുകdവിൾക്ക് വെയ്സ് ആൻറ് മീൻസ് പരിധി ഉയർത്തി നൽകിയിട്ടുണ്ട്. ടി പരിധിക്ക് മുകളിലുള്ള മറ്റ് ബില്ലുകൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും മുൻഗണനാക്രമം നിശ്ചയിച്ചും അനുവദിച്ചു വരുന്നുണ്ട്. കൂടാതെ, 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വെയ്സ് ആന്റ് മീൻസ് പരിപാലനത്തിന്റെ ഭാഗമായുള്ള ക്രമീകരണങ്ങൾ നിലവിലെ പണഞെരുക്കത്തിനിടയിലും പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | | | ബില്ലുകൾ ഭംഗം കൂടാതെയും മുൻഗണന പാലിച്ചും അനുവദിക്കുന്നതിന് സഹായകരമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയന്ത്രണം നിലനിൽക്കുന്നുണ്ടെങ്കിൽ സാമ്പത്തിക വർഷം അവസാനിക്കാൻ രണ്ടര മാസം മാത്രം ശേഷിച്ചിരിക്കെ ട്രഷറി നിയന്ത്രണം ഒഴിവാക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തിന്റെ അവസാന പാദത്തിലുള്ള കടമെടുപ്പ് പരിധിയിൽ നിന്ന് മാത്രം ഏകദേശം 6000 കോടി രൂപ, പ്രധാനമായും SPV-കളുടെ കടമെടുപ്പ് ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചിട്ടുണ്ട്. ആയത് സാമ്പത്തികസ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. ഇതിനെതിരെ കേന്ദ്രത്തിൽ നിരന്തര സമ്മർദ്ദം ചെലുത്തിവരികയാണ്. കൃത്യമായ ഇടവേളകളിൽ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുന്നുണ്ട്. സാമ്പത്തിക നില മെച്ചപ്പെടുന്ന സാഹചര്യങ്ങളിൽ ട്രഷറി നിയന്ത്രണത്തിന് ആവശ്യമായ പുനഃപരിശോധന നടത്തുന്നത് സർക്കാർ പിന്തുടർന്നുവരുന്ന നടപടിക്രമമാണ്. |

സെക്ഷൻ ഓഫീസർ